# നമുക്കൊരു വെബ്സൈറ്റ്

Lesson 8 **ICT Text book** Std X

<table>
<tr><td colspan="3">ഇന്റർനെറ്റിൽ വിവരങ്ങൾ ശേഖരിച്ചുവെച്ചിരിക്കുന്ന പേജുകളാണ് വെബ്പേജുകൾ.ധാരാളം വെബ്പേജുകൾ ചേർത്ത് നെറ്റിൽ ഒരുക്കിയിരിക്കുന്ന വിവരസഞ്ചയമാണ് വെബ്സൈറ്റ് . എച്ച് ടി എം എൽ (HyperText Markup Language) എന്ന പ്രോഗ്രാംഭാഷയിൽ വെബ്പേജ് നിർമ്മിക്കുന്നതിന് ആവശ്യമായ പ്രോഗ്രാം എഴുതുകയാണ് ആദ്യപടി .ഇത്തരം ഒരു പ്രോഗ്രാമിന് രണ്ട് ഭാഗങ്ങളുണ്ടായിരിക്കും. ശീർഷകഭാഗവും ബോഡി ഭാഗവും . ലളിതമായ ഒരു പ്രോഗ്രാം താഴെ കൊടുത്തിരിക്കുന്നു.</td></tr>
<tr><td>1</td><td>നിങ്ങളുടെ വിദ്യാലയത്തിന്റെ പേര് 30 അക്ഷരവലുപ്പത്തിൽ പേജിന്റെ നടുവിലായി ചുവന്നനിറത്തിൽ പ്രദർശിപ്പിക്കുന്നതിനുള്ള പ്രോഗ്രാം തയ്യാറാക്കുക.</td><td><html><br><head> <title> my page<br></title></head><br><body><br><p align=”center”><font<br>size=30><font color=”red”><br>Holy Infants' Boys' High School ,<br>Varapuzha </body><br></html></td></tr>
<tr><td colspan="3">പ്രോഗ്രം gedit എന്ന ടെക്സ്റ്റ് എഡിറ്ററിലാണ് തയ്യാറാക്കേണ്ടത് .application ---accessories---gedit . സേവ് ചെയ്യണം . Desktop ൽ തന്നെ സേവ് ചെയ്യാവുന്നതാണ് . എക്സ്റ്റൻഷനായി .html എന്ന് കൊടുക്കാം .</td></tr>
<tr><td colspan="3">താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക<br>• സേവ് ചെയ്ത ഫയലിൽ dc ചെയ്താൽ വെബ്പേജ് തുറന്നുവരും . എങ്കിലും application --- internet --- firefoxweb browser --- open file എന്ന ക്രമത്തിൽ തുറന്ന് സേവ് ചെയ്ത ഫയൽ തുറക്കുന്നതാണ് നല്ലത് .<br>• അങ്ങനെ ചെയ്യുമ്പോൾ നാം ഉദ്ദേശിക്കുന്ന പേജ് വന്നില്ല എന്നുകരുതുക. പ്രോഗ്രാമിൽ തെറ്റുണ്ടെന്ന് മനസിലാക്കണം . അപ്പോൾ സേവ് ചെയ്ത പ്രോഗ്രാം ഫയൽ rt click ചെയ്ത് gedit വഴി തുറന്ന് മാറ്റം വരുത്തി സേവ് ചെയ്യണം</td></tr>
<tr><td></td><td>സ്കൂൾ IT ക്ലബ്ബിന്റെ ഉദ്ഘാടനത്തെ സംബന്ധിക്കുന്ന ഒരു വെബ്പേജിന്റെ</td><td><html><br><head> <title> my page </title></td></tr>
</table>

| | | |
|---|---|---|
| 2 | നിർമ്മാണം താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് പൂർത്തിയാക്കുക<br>a) സ്കൂളിന്റെ പേര് (ചുവന്ന നിറം, 20 അക്ഷരവലുപ്പം, പേജിന്റെ മധ്യഭാഗം)<br>b) സ്കൂളിന്റെ ചിത്രം ചേർക്കുക<br>c) പാശ്ചാത്തലനിറം "yellow”<br>d) IT CLUB Inauguration എന്ന് വലത്തേയ്ക്ക് ചലിക്കുന്ന അക്ഷരങ്ങൾ | <head><br><body bgcolor="yellow"><br><p align="center"><br><font size=20><br><font color="red"><br>H.I.B.H.S Varapuzha<br></font></font></p><p align="center"><br><img src="/home/bony/Desktop/1.jpg"><br></img></p><br><marquee direction ="right"> IT CLUB Inaguration </marquee><br></body> </html> |
| 3 | ജീവശാസ്ത്ര പഠനപ്രവർത്തനങ്ങളുടെ ഒരു ഇനമാണ് ബ്ലഡ് ഷുഗർ പരിശോധിക്കാനുള്ള ബെനഡിക്ട് ടെസ്റ്റ് . അതിന്റെ ഒരു വീഡിയോ ദൃശ്യം സ്കൂൾ റിസോഴ്സ് സി .ഡിയിലുണ്ട്.അത് ഉൾപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ വെബ്പേജ് നിർമ്മിക്കുക<br>a) സ്കൂളിന്റെ പേര് എഴുതുക( 30 അക്ഷരവലുപ്പം ,നിലനിറം , മഞ്ഞ പാശ്ചാത്തലം )<br>b) താഴെ സ്കൂളിന്റെ ചിത്രം മധ്യഭാഗത്തായി ചേർക്കുക<br>c) അതിനുതാഴെ മൂവി ചിത്രം ചേർക്കുക | <html><br><head> <title> my page </title><br><head><br><body bgcolor="yellow"><br><p align="center"><br><font size=20><br><font color="red"><br>H.I.B.H.S Varapuzha<br></font></font></p><p align="center"><br><img src="/home/bony/Desktop/1.jpg"><br></img></p><br><embed src="/home/bony/Desktop/benedictstest.flv"> </embed><br><br></body> </html> |
| എച്ച് .ടി . എം . എൽ ടാഗുകൾ നേരിട്ട് ഉപയോഗിക്കാതെ വെബ് പേജുകൾ തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളാണ് എച്ച് ടി എം എൽ എഡിറ്ററുകൾ. KampoZer , Quanta Plus എന്നിവ എച്ച് ടി എം എൽ എഡിറ്ററുകളാണ് . പേജുകൾ മെച്ചപ്പെയുത്താനും ടാഗുകൾ തിരുത്താനും ഇതിൽ സാധിക്കും application --- internet --- kampoZer എന്ന ക്രമത്തിൽ തുറക്കുക | | |
| കമ്പോസറിന്റെ ഉപയോഗങ്ങൾ | | |

<table>
<tr><td colspan="3">1)ചിത്രങ്ങൾ ഉൾപ്പെടുത്തുന്നതിന് ടൂൾബാറിലെ image ടൂളിൽ ക്ലിക്ക് ചെയ്ത് ഉൾപ്പെടുത്തേണ്ട ചിത്രം ബ്രൗസ് ചെയ്യുക.alternate text എന്ന ഭാഗത്ത് പേരുനൽകി സേവ് ചെയ്യുക<br>2)ചിത്രം വലുതാക്കാൻ ചിത്രത്തിൽ ക്ലിക്ക് ചെയ്ത് ചുറ്റും വരുന്ന ചെറിയ ചതുരങ്ങളിൽ പിടിച്ച് വലുപ്പം ക്രമീകരിക്കുക<br>3)heading ടൈപ്പ് ചെയ്ത് ഫോർമാറ്റ് ചെയ്യാം<br>4)ഹൈപ്പർലിങ്ക് ചെയ്യാൻ ലിങ്കിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് ഉൾപ്പെടുത്തേണ്ട ഫയൽ ബ്രൗസ് ചെയ്ത് ok നൽകുക<br>5)ടേബിൾ ടൂളിൽ ക്ലിക്ക് ചെയ്ത് വരികളുടെയും നിരകളുടെയും എണ്ണം നൽകാവുന്നതാണ് . ടേബിൾ മാറ്റം വരുത്തുന്നതിന് അതിൽ rt click ചെയ്ത് മാറ്റം വരുത്താം.<br>6) html ടാഗുകൾ ടൈപ്പ് ചെയ്ത് ക്രമീകരിക്കുന്നതിന് kampoZer ൽ വെബ്പേജ് തയ്യാറാക്കുന്ന ജാലകത്തിനുതാഴെയുള്ള source ടാബ് ക്ലിക്ക് ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താം</td></tr>
<tr><td>4</td><td colspan="2">കമ്പോസർ ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ഒരു വെബ് പേജ് നിർമ്മിക്കുക</td></tr>
<tr><td></td><td>KampoZer തുറക്കുക</td><td>Application-- internet—kampoZer എന്ന ക്രമത്തിൽ തുറക്കുക</td></tr>
<tr><td></td><td>സ്കൂളിന്റെ പേര് എഴുതി ഭംഗിയാക്കുക</td><td>അക്ഷരവലുപ്പം, നിറം ,സ്ഥാനം എന്നിവ ക്രമപ്പെടുത്തുക . ഇതിനായി body text 1 ആക്കി ടൈപ്പ് ചെയ്തതാൽ വലുപ്പത്തിലുള്ള അക്ഷരം കിട്ടും</td></tr>
<tr><td></td><td>അനുയോജ്യമായ പാശ്ചാത്തലനിറം നൽകുക</td><td>Format-- page colors and backgrounds –background – select the color --ok</td></tr>
<tr><td></td><td>പേരിനുതാഴെ സ്കൂളിന്റെ ചിത്രം ചേർക്കുക</td><td>മുകളിൽ ടൂൾബാറിൽ കാണുന്ന image ക്ലിക്ക് ചെയ്ത് link എടുക്കുക. ബ്രൗസ് ചെയ്ത് ചിത്രം എടുക്കുക. ആവശ്യമെങ്കിൽ സോഴ്സ് ക്ലിക്ക് ചെയ്ത് html ടാഗുകൾ കാണാം . അതിൽ മാറ്റങ്ങൾ വരുത്തി സേവ് ചെയ്യാം</td></tr>
</table>

<table>
<tr><td></td><td>ഹോമിൽ സൂക്ഷിച്ചിരിക്കുന്ന ഫയലുമായി link ചെയ്യുക</td><td>ലിങ്ക് ടൂളിൽ ക്ലിക്ക് ചെയ്ത്  link text , link location എന്നിവ കൊടുത്ത് സേവ് ചെയ്യുക</td></tr>
<tr><td colspan="3">കമ്പോസറിൽ തയ്യാറാക്കിയ ഫയൽ സേവ് ചെയ്യുക. തുടർന്ന് വെബ് ബ്രൗസറിൽ തുറന്ന് പേജ് കാണാം. ആവശ്യമെങ്കിൽ html കോഡുകൾ sources വഴി എഡിറ്റ് ചെയ്യാം</td></tr>
<tr><td colspan="3">ഹോം പേജ് നിർമ്മാണത്തിന്റെ സാധ്യതകൾ – കമ്പോസർ സോഫ്റ്റ് വെയർ വഴി</td></tr>
<tr><td></td><td colspan="2">ഒരു വെബ്സൈറ്റ് തുറന്നുവരുമ്പോൾ ആദ്യം കാണുന്ന പേജാണ് ഹോം പേജ്. ആ വെബ്സൈറ്റിൽ ചേർത്തിരിക്കുന്ന പേജുകളെക്കുറിച്ചും , ഉള്ളടക്കത്തെക്കുറിച്ചും ഹോം പേജിൽ വ്യക്തമാക്കിയിരിക്കും . പ്രധാനചിത്രം , ലിങ്കുകൾ , പ്രധാന അറിയിപ്പുകൾ , സൈറ്റിനെക്കുറിച്ചുള്ള പൊതുവിവരണങ്ങൾ എന്നിവ ഹോം പേജിൽ ഉണ്ടായിരിക്കും</td></tr>
<tr><td>5</td><td colspan="2">സ്കൂൾ വെബ്സൈറ്റിന് ഒരു ഹോം പേജ് നിർമ്മിക്കുക. പാഠപുസ്തകത്തിലെ മാതൃക തന്നെ പൂർത്തിയാക്കുക</td></tr>
<tr><td></td><td>കമ്പോസർ ജാലകം തുറന്ന് പുതിയ പേജ് എടുത്ത് പേരുനൽകി ഡസ്ക്ക് ടോപ്പിൽ സേവ് ചെയ്യുക</td><td>Application – internet --  kampoZer</td></tr>
<tr><td></td><td>മൂന്നു റോകളും മൂന്നു കോളങ്ങളും ഉള്ള ഒരു ടേബിൾ നിർമ്മിക്കുക. സെല്ലുകളുടെ വലുപ്പം ക്രമീകരിക്കുക</td><td>Table icon എടുക്കുക.മാതൃകയിൽ ആവശ്യമുള്ള ഭാഗം സെലക്ട് ചെയ്യുക. കാൻവാസിൽ വരുന്ന ടേബിളിനു മുകളിൽ കാണുന്ന ബാർ ക്രമീകരിച്ച് വലുപ്പം മാറ്റാം .</td></tr>
<tr><td></td><td><table>
<tr><td>ലോഗോ</td><td colspan="2">സ്കൂളിന്റെ പേര്</td></tr>
<tr><td colspan="2">സ്കൂൾ ചിത്രം</td><td rowspan="2">വാർത്തകൾ</td></tr>
<tr><td>ലിങ്കുകൾ</td><td>പൊതു വിവരങ്ങൾ</td></tr>
</table></td><td>ഉപയോഗിക്കാവുന്ന ടൂളുകൾ<br>• സെല്ലുകൾ മെർജ് ചെയ്യാൻ table – join selected cells<br>• പട്ടിക ഹോംപേജിൽ കാണാതിരിക്കാൻ table – table properties –table – boarder, spacing , padding  0 ആക്കുക<br>• ബുള്ളറ്റ് ഉപയോഗിച്ച് ലിസ്റ്റ് ചെയ്യാം<br>• ലിങ്ക് ചെയ്യുക</td></tr>
</table>

| | | |
|---|---|---|
| | | |
| | Important note | |
| | നാം തയ്യാറാക്കിയ ഹോം പേജ്  നമ്മുടെ സിസ്റ്റത്തിൽ തന്നെയുള്ള ഫയൽ സിസ്റ്റത്തിലെ var – www എന്ന ഫോൾഡറിൽ കോപ്പിചെയ്യണം . തുടർന്ന് ബ്രൗസറിന്റെ അഡ്രസ് ബാറിൽ localhost/filename.html കൊടുത്ത് എന്റെർ ചെയ്താൽ വെബ്സൈറ്റ് കാണാം .<br>ഇവിടെ ഒരു പ്രശ്നമുള്ളത് സാധാരണയൂസറിൽ നിന്നുകൊണ്ട് ഫയൽസിസ്റ്റത്തിലെ var --- www യിലേയക്ക് മറ്റൊരു ഫയൽ പ്രവേശിക്കില്ല എന്നതാണ് .  അപ്പോൾ സാധാരണ യൂസറിന് പെർമിഷൻ നൽകണം . Terminal  ൽ sudo nautilus എടുക്കുക അവിടെ നിന്നുകൊണ്ട് ഫയൽ സിസ്റ്റത്തിലെ var www ൽ പേസ്റ്റ് ചെയ്യാം | |
| | കുറിപ്പ് : നെറ്റ് വർക്കിലെ മറ്റുകമ്പ്യൂട്ടറുകളിൽ പേജ് കാണുന്നത് | |
| | നെറ്റ് വർക്ക് ചെയ്ത കമ്പ്യൂട്ടർ ശൃംഗലകളിൽ ഒരെണ്ണം സെർവർ ആയി കണക്കാക്കാം. ഒരേ സമയം പലപ്രോഗ്രാമുകളും പലർക്കായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന കമ്പ്യൂട്ടറാണ് സെർവർ .സെർവറുമായി ബന്ധിപ്പിച്ചിരിക്കുന്ന മറ്റുകമ്പ്യൂട്ടറുകലാണ് ക്ലയിന്റ് കമ്പ്യൂട്ടറുകൾ.നെറ്റ് വർക്കിൽ അംഗമായിരിക്കുന്ന ഓരോ കമ്പ്യൂട്ടറിനും ഓരോ IP അഡ്രസ് ഉണ്ടാകും .സെർവറിൽ ഒരു വെബ് പേജ് സേവ് ചെയ്തു എന്നു കരുതുക. മറ്റൊരു സിസ്റ്റത്തിന്റെ ബ്രൗസറിന്റെ അഡ്രസ് ബാറിൽ serverIP/filename.html എന്ന് ടൈപ്പ് ചെയ്ത് എന്റെർ ചെയ്ത് പേജ് കാണാം | |
| | കുറിപ്പ് : കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയർ | |
| | ഡ്രൂപൽ ഒരു കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയറാണ് . വെബ്പേജുകളുടെ ഏകോപനം ,ഡിസൈനിഗ് എന്നിവയ്ക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളാണ് ഇവ.വെബ് സെർവറിന്റെയോ മറ്റ് സോഫ്റ്റ് വെയറുകളുടെയോ സഹായമില്ലാതെ വെബ്സൈറ്റ് നിർമ്മിക്കാൻ ഡ്രൂപൽ വഴി കഴിയും .വേഡ് പ്രസ്  , ജൂംല , ലൈറ്റ് സി എം എസ് എന്നിവ ഉദാഹരണങ്ങൾ പലതരം ആകർഷണീയമായ ടെബ്ളേറ്റുകൾ കണ്ടന്റ് മാനജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയറിൽ ലഭ്യമാണ് . www.drupalgardens.com | |
| | ഡ്രൂപൽ ഗാർഡൻസ്  ഉപയോഗിച്ച് വെബ്സൈറ്റ് നിർമ്മിക്കുന്നവിധം | |
| | • www.drupalgardens.com എന്ന സൈറ്റിൽ പ്രവേശിക്കുന്നു<br>• create a free site ക്ലിക്ക് ചെയ്യുന്നു<br>• തുടർന്ന്  URL(Universal Resource Locator) ( വെബ് വിലാസം), | |

| | |
|---|---|
| | username ,password , email ID എന്നിവ നൽകുക<br>• Continue ക്ലിക്ക് ചെയ്യുക . സൈറ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ തെരഞ്ഞെടുക്കാം<br>• create ക്ലിക്ക് ചെയ്താൽ സൈറ്റ് ലഭ്യമാകും |
| | പാഠപുസ്തകവായനാക്കുറിപ്പുകൾ |
| | • തയ്യാറാക്കിയ വെബ്സൈറ്റിൽ മാറ്റങ്ങൾ വരുത്താനുള്ള സൗകര്യമുണ്ടായിരിക്കും .ഇതിനായി മുകളിലെ മെനുബാറിൽ appearance മെനു തെരഞ്ഞെടുക്കണം . വേണ്ട മാറ്റങ്ങൾ വരുത്തി സേവ് ചെയ്യുക<br>• WYSIWYG എന്നതിന്റെ അർത്ഥം What You See is What You Get എന്നാണ്. ഇത് വെബ് പേജിൽ മാറ്റങ്ങൾ വരുത്താനുള്ള ഒരു എഡിറ്ററിന്റെ പേരാണ്.<br>• WYSIWYG എഡിറ്റർ മെനുവിലെ Add media ക്ലിക്ക് ചെയ്ത് ചിത്രങ്ങൾ ചേർക്കാം<br>• ഒരേ വിഭാഗത്തിൽപെട്ട ചിത്രങ്ങൾ ഒന്നിച്ച് ചേർക്കുന്നതിനുല്ള സങ്കേതമാണ് ഗാലറി<br>• പുതിയ പേജ് നിർമ്മിക്കാം. മെനുബാറിൽ Content --- Add Content --- Basic Page എന്ന ക്രമത്തിൽ പ്രവർത്തിപ്പിക്കുക |